**പതിനഞ്ചാം കേരള നിയമസഭ**

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2023-2026)

## 2024-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്

(2025 മാർച്ച് 25-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മൂന്നാമത് റിപ്പോർട്ട്**

[2024 ജനവരി 1 മുതൽ 2024 ഡിസംബർ 31 വരെ കമ്മിറ്റി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

പതിനഞ്ചാം കേരള നിയമസഭ

**പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി**
**(2023-2026)**

**2024-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട്**
(2025 മാർച്ച് 25-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മൂന്നാമത് റിപ്പോർട്ട്**

[2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ കമ്മിറ്റി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്]

769/2025.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| കമ്മിറ്റിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : I | | |
| കമ്മിറ്റി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം | .. | 5 |
| അനുബന്ധം : II | | |
| കമ്മിറ്റി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും | .. | 6-7 |
| അനുബന്ധം : III | | |
| കമ്മിറ്റി റിപ്പോർട്ട് കാലയളവിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം | .. | 8 |
| അനുബന്ധം : IV | | |
| കമ്മിറ്റി റിപ്പോർട്ട് കാലയളവിൽ തീർപ്പാക്കിയ ഫയലുകളുടെ വിശദാംശം | .. | 9 |
| അനുബന്ധം : V | | |
| റിപ്പോർട്ട് കാലയളവിൽ കമ്മിറ്റിയുടെ പരിഗണനയിലുള്ള തീർപ്പാക്കാത്ത വിഷയങ്ങൾ | .. | 10 |
| അനുബന്ധം : VI | | |
| റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ | .. | 13 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി
# (2023-2026)

**കമ്മിറ്റിയുടെ ഘടന**

ചെയർപേഴ്സൺ:

ശ്രീ. മുരളി പെരുനെല്ലി.

അംഗങ്ങൾ :

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. എച്ച്. സലാം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി

ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ, കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച് കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള റിപ്പോർട്ട് കാലയളവിൽ കമ്മിറ്റി പരിഗണിച്ച പ്രിവിലേജ് വിഷയങ്ങളും അതിന്മേലുള്ള കമ്മിറ്റിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചു കൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2025 മാർച്ച് 24-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**മുരളി പെരുനെല്ലി,**

*ചെയർപേഴ്സൺ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച കമ്മിറ്റി.*

തിരുവനന്തപുരം,
2025 മാർച്ച് 25.

# റിപ്പോർട്ട്

## പാർലമെന്ററി പ്രിവിലേജുകൾ

പാർലമെന്ററി ഭാഷയിൽ പ്രിവിലേജ് എന്ന പദം വിവക്ഷിക്കുന്നത് സഭയോ അതിന്റെ സമിതികളോ കൂട്ടായോ അംഗങ്ങൾ ഒറ്റയ്ക്കോ അനുഭവിക്കുന്ന പ്രത്യേക അവകാശങ്ങളും സംരക്ഷണങ്ങളുമാണ്. അതിനാൽത്തന്നെ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 194-ൽ സംസ്ഥാന നിയമനിർമ്മാണ സഭകളുടെ പ്രിവിലേജ് സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് നിയമ നിർമ്മാണസഭകളുടെ അധികാരവും സ്വാതന്ത്ര്യവും അന്തസ്സും സംരക്ഷിക്കുന്നതിനാണ്. സഭയ്ക്ക് വിധേയമല്ലാതിരുന്ന എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയിൽ നിന്നുള്ള സംരക്ഷണമാണ് ആദ്യ കാലത്ത് പ്രിവിലേജിലൂടെ ഉദ്ദേശിച്ചിരുന്നത്. ഭരണഘടന ഏൽപ്പിച്ചുകൊടുത്തിരിക്കുന്ന അധികാരം കാര്യക്ഷമമായി  വിനിയോഗിക്കുന്നതിന് നിയമനിർമ്മാണ സഭകൾക്ക് പ്രത്യേകാവകാശങ്ങൾ ആവശ്യമാണ്. നിയമ നിർമ്മാണസഭകളുടെ പ്രിവിലേജ് എന്നത് സൂക്ഷ്മാർത്ഥത്തിൽ അതിലെ അംഗങ്ങളുടെ പ്രിവിലേജ് തന്നെയാണ്. തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ തടസ്സങ്ങൾ കൂടാതെ നിർവ്വഹിക്കുന്നതിന് ഒരു അംഗത്തിനുള്ള സവിശേഷാധികാരം തന്നെയാണ് പ്രിവിലേജ്. അംഗങ്ങൾക്ക് ബാഹ്യ ഇടപെടലുകളോ ഭീഷണികളോ കൂടാതെ അവരുടെ കടമകളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി അവർക്ക് കല്പിച്ചു നൽകിയിട്ടുള്ള അവകാശങ്ങളും പ്രതിരോധ ശേഷികളുമാണ് പാർലമെന്ററി പ്രിവിലേജുകൾ.

2. ജനപ്രതിനിധികളെന്ന നിലയിൽ നിയമസഭാംഗങ്ങളുടെ പ്രവർത്തനം ജനങ്ങൾക്കു വേണ്ടിയാണെന്നതിനാൽ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അവർക്ക് വിവിധ തലങ്ങളിലുള്ള സർക്കാർ സംവിധാനങ്ങളുമായി നിരന്തരമായി ബന്ധപ്പെടേണ്ടതായിവരുന്നു.  ജനപ്രതിനിധികൾക്ക് ഭയമോ നിയന്ത്രണങ്ങളോ കൂടാതെ അവരുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഇത്തരം ഒരവകാശത്തിന് അവരെ പ്രാപ്തരാക്കി സഭയുടെ  ആധികാരികതയും അന്തസ്സും ഉറപ്പുവരുത്തുന്നതിനും സഭ പ്രിവിലേജ് പ്രയോഗിക്കുന്നു. മൊത്തത്തിൽ ജനാധിപത്യ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യവും സമഗ്രതയും സംരക്ഷിക്കുന്നതിനും അവ ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയുമെന്ന് ഉറപ്പാക്കുന്നതിനും സഹായിക്കുന്നതാണ് സഭയുടെ പ്രത്യേകാവകാശം.

3. സഭയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുക, ഒരു അംഗത്തെ അവരുടെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ നിന്നും തടയുക, സഭയിൽ/സഭാസമിതികളിൽ ചർച്ച ചെയ്യുന്ന രഹസ്യ വിവരങ്ങൾ അനുമതിയില്ലാതെ വെളിപ്പെടുത്തുക എന്നിവ പ്രത്യേക അവകാശ ലംഘനങ്ങളിൽ  വരാം.

4. അംഗങ്ങൾ പ്രത്യേക അവകാശങ്ങൾ അവകാശപ്പെടുകയും ആയത് നടപ്പിലാക്കുകയും ചെയ്യുമ്പോൾ സ്ഥാപിതമായ പാർലമെന്ററി നടപടിക്രമങ്ങൾ പാലിക്കണം. സഭാ നടപടിക്രമങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളെ മാനിക്കുന്നതും നിഷ്പക്ഷതയുടെയും നീതിയുടെയും തത്വങ്ങൾ പാലിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. അംഗങ്ങൾ അവരുടെ പ്രത്യേകാവകാശങ്ങൾ ഉചിതമായും സഭയുടെയും പൊതുജനങ്ങളുടെയും മികച്ച താത്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിലും ഉപയോഗിക്കുന്നു എന്നുള്ളതും ഉറപ്പു വരുത്തേണ്ടതാണ്.

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി

5. എല്ലാ നിയമനിർമ്മാണ സഭകളുടെ ചട്ടങ്ങളിലും ഒരു പ്രിവിലേജ് കമ്മിറ്റി സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കും. അവകാശ ലംഘനം സംബന്ധിച്ചുള്ള വിഷയങ്ങൾ പ്രിവിലേജ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയും കമ്മിറ്റിയുടെ ശിപാർശകൾ സഭയിൽ റിപ്പോർട്ട് ചെയ്യുകയും സഭ ചർച്ച ചെയ്തു യോഗ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

## പ്രിവിലേജസ്, എഥിക്സ് സംബന്ധിച്ച കമ്മിറ്റി - കേരള നിയമസഭയിൽ

6. സഭയേയും സമിതികളെയും അംഗങ്ങളെയും സംബന്ധിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി 6-12-1949-ൽ തിരു-കൊച്ചി സഭയിൽ ആണ് ആദ്യ പ്രിവിലേജസ് കമ്മിറ്റി രൂപീകൃതമായത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 180, 249 എന്നിവ അനുസരിച്ചാണ് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി രൂപീകൃതമായത്.

7. കേരള നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റി 1957 മെയ് 3-ന് രൂപീകൃതമായി. മുഖ്യമന്ത്രി ആയിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്നു അന്നത്തെ കമ്മിറ്റിയുടെ ചെയർമാൻ. (ബുള്ളറ്റിൻ നം. 27, തീയതി 3-5-1957) പ്രിവിലേജ് പ്രശ്നങ്ങൾ സംബന്ധിച്ചും അവയ്ക്കുള്ള നോട്ടീസ് സംബന്ധിച്ചും സ്പീക്കർ അനുമതി സംബന്ധിച്ചുമുള്ള കാര്യങ്ങൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 154 മുതൽ 165 വരെ പരാമർശിക്കുന്നു.

8. പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ അന്തസ്സും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിന് സഭാംഗങ്ങൾ സഭയ്ക്ക് അകത്തും പുറത്തും പെരുമാറ്റത്തിൽ ഉയർന്ന നിലവാരം പുലർത്തേണ്ടതുണ്ട്. ഇത് കണക്കിലെടുത്താണ് 'എഥിക്സ്' എന്ന വിഷയം കൂടി കേരള നിയമസഭയുടെ പ്രിവിലേജസ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി കമ്മിറ്റിയുടെ അധികാരപരിധി വിപുലീകരിച്ച് 1999 ജൂലൈയിൽ സഭയിൽ സമർപ്പിച്ച പത്താം കേരള നിയമസഭയുടേ റൂൾസ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ പേര് പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി എന്ന് 1999-ൽ മാറ്റുകയുണ്ടായി. (ബുള്ളറ്റിൻ നം. 468, തീയതി 31-7-1999).

9. പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2021-2023) 2021 ജൂൺ 15-നാണ് രൂപീകൃതമായത്. സമിതിയുടെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 2023 ഡിസംബർ 15-ാം തീയതി കമ്മിറ്റി (2023-26) ആയി പുനഃസംഘടിപ്പിച്ചു.

**റിപ്പോർട്ട് കാലയളവിലെ കമ്മിറ്റി പ്രവർത്തനങ്ങൾ**

10. റിപ്പോർട്ട് കാലയളവിൽ കമ്മിറ്റി നിയമസഭാ സമുച്ചയത്തിനകത്ത് 16-5-2024, 30-5-2024, 5-6-2024, 1-7-2024, 29-8-2024, 23-10-2024 എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേരുകയുണ്ടായി.

**റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച് തീർപ്പാക്കിയ വിഷയങ്ങൾ:**

**ശ്രീ. കെ.ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസ്.**

**(ഫയൽ നമ്പർ. 4492/ടേബിൾ-2/2023/നി.സെ.)**

11. ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., തന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വിധവയും നിർധനയുമായ ഒരു സ്ത്രീയ്ക്ക് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരിൽ നിന്നുമുണ്ടായ ക്രൂരമായ അവഗണനയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് നിയമസഭയിൽ 13-3-2023-ന് നടത്തിയ പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തെ സാമൂഹിക മാധ്യമങ്ങളിലൂടെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗം തലവനായ ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ അവകാശലംഘന നോട്ടീസ് ബഹു. അംഗം 15-3-2023-ന് ബഹു. സ്പീക്കർക്ക് സമർപ്പിക്കുകയും ആയത് 24-3-2023-ന് കമ്മിറ്റിക്ക് റഫർ ചെയ്യപ്പെടുകയും ചെയ്തു (ബുള്ളറ്റിൻ നം. 383, തീയതി 12-4-2023). കമ്മിറ്റി 11-5-2023, 4-10-2023, 17-10-2023, 16-5-2024, 30-5-2024, 5-6-2024, 1-7-2024 എന്നീ തീയതികളിൽ യോഗം ചേർന്ന് പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും 4-10-2023-ന് ചേർന്ന സമിതി യോഗത്തിൽ ബഹു. അംഗം നേരിട്ട് ഹാജരായി തന്റെ പ്രതികരണം രേഖപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ഡോ. ഹാരിസ് ചിറയ്ക്കലിനെ കമ്മിറ്റി യോഗത്തിൽ വിളിച്ചുവരുത്തി തെളിവെടുക്കുകയും സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള അധിക്ഷേപപരാമർശങ്ങൾ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങൾക്കു വിരുദ്ധമാണെന്ന് ടിയാൻ സമ്മതിക്കുകയും കമ്മിറ്റി മുമ്പാകെ നിർവ്യാജം ഖേദം പ്രകടിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഡോ. ഹാരിസ് ചിറക്കലിന് "ഇനി ഇത്തരം അധിക്ഷേപ പരാമർശങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെ നടത്തരുത്" എന്ന താക്കീത് നൽകി അവകാശ ലംഘന നോട്ടീസ് കമ്മിറ്റി തീർപ്പാക്കുകയും അതിന്മേലുള്ള റിപ്പോർട്ട് 4 -7-2024-ൽ സമർപ്പിക്കുകയും ചെയ്തു.

**റിപ്പോർട്ട് സമർപ്പണം:**

12. റിപ്പോർട്ട് വർഷം കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട് **(ശ്രീ. കെ.ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസിന്റെ പരിഗണന സംബന്ധിച്ച്)** 2024 ജൂലൈ 1-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി അംഗീകരിക്കുകയും 2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

13. കമ്മിറ്റി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം അനുബന്ധം I ആയും കമ്മിറ്റി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും അനുബന്ധം II ആയും സഭയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം അനുബന്ധം III ആയും കമ്മിറ്റി തീർപ്പാക്കിയ ഫയലുകളുടെ വിശദാംശം അനുബന്ധം IV ആയും കമ്മിറ്റിയുടെ പരിഗണനയിലുള്ള തീർപ്പാക്കാത്ത വിഷയങ്ങൾ അനുബന്ധം V ആയും കമ്മിറ്റിയുടെ റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധം VI ആയും ഈ റിപ്പോർട്ടിനൊപ്പം ചേർത്തിരിക്കുന്നു.

മുരളി പെരുനെല്ലി,

തിരുവനന്തപുരം,
2025 മാർച്ച് 25.

*ചെയർപേഴ്സൺ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച കമ്മിറ്റി.*

## അനുബന്ധം I

## കമ്മിറ്റി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം

| നിയമസഭാ സമുച്ചയം | ആകെ |
|---|---|
| 16-5-2024 | 6 യോഗങ്ങൾ |
| 30-5-2024 | |
| 5-6-2024 | |
| 1-7-2024 | |
| 29-8-2024 | |
| 23-10-2024 | |

## <u>അനുബന്ധം II</u>

### കമ്മിറ്റി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും

| ക്രമ നം | യോഗതീയതി | ഹാജരായ അംഗങ്ങളുടെ പേര് | സമിതി പരിഗണിച്ച വിഷയങ്ങളുടെ സംക്ഷിപ്തം |
|---|---|---|---|
| 1 | 16-5-2024 | ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ<br>ശ്രീ. എച്ച്. സലാം | ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസിന്റെ പരിഗണന. |
| 2 | 30-5-2024 | ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി. ബാലചന്ദ്രൻ<br>ശ്രീ. യു. എ. ലത്തീഫ്<br>ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ<br>ശ്രീ. ടി. പി. രാമകൃഷ്ണൻ. | ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസിന്റെ പരിഗണന. |
| 3 | 5-6-2024 | ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. യു. എ. ലത്തീഫ്<br>ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ<br>ശ്രീ. ടി. പി. രാമകൃഷ്ണൻ | ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസ് തീർപ്പാക്കൽ |

| | | | |
|---|---|---|---|
| 4 | 1-7-2024 | ശ്രീ. മുരളി പെരുനെല്ലി | ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാലംഘന നോട്ടീസിന്മേലുള്ള കരട് റിപ്പോർട്ട് പരിഗണന |
| | | ശ്രീ. യു. എ. ലത്തീഫ് | |
| | | ശ്രീ. മാത്യു ടി. തോമസ് | |
| | | ശ്രീ. ടി.പി. രാമകൃഷ്ണൻ | |
| | | ശ്രീ. എച്ച്. സലാം | |
| 5 | 29-8-2024 | ശ്രീ. മുരളി പെരുനെല്ലി | നവകേരള സദസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ശ്രീ. സലീഷ് ശങ്കറിനെതിരെ സമർപ്പിച്ച പരാതിയുടെ പരിഗണന |
| | | ശ്രീ. പി. ബാലചന്ദ്രൻ | |
| | | ശ്രീ. യു. എ. ലത്തീഫ് | |
| | | ശ്രീ. മാത്യു ടി. തോമസ് | |
| | | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ | |
| | | ശ്രീ. ടി. പി. രാമകൃഷ്ണൻ. | |
| | | ശ്രീ. എച്ച്. സലാം | |
| 6 | 23-10-2024 | ശ്രീ. മുരളി പെരുനെല്ലി | നവകേരള സദസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. ശ്രീ. സലീഷ് ശങ്കറിനെതിരെ സമർപ്പിച്ച പരാതിയുടെ പരിഗണന |
| | | ശ്രീ. പി. ബാലചന്ദ്രൻ | |
| | | ശ്രീ. യു.എ. ലത്തീഫ് | |
| | | ശ്രീ. മാത്യു ടി. തോമസ് | |
| | | ശ്രീ. എച്ച്. സലാം | |

## അനുബന്ധം III

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം

| ക്രമ നം. | റിപ്പോർട്ട് നമ്പർ | വിഷയം | സമിതി അംഗീകരിച്ച തീയതി | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | രണ്ടാമത് റിപ്പോർട്ട് | ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസ് | 1-7-2024 | 4-7-2024 |

<u>അനുബന്ധം IV</u>

## കമ്മിറ്റി തീർപ്പാക്കിയ ഫയലുകളുടെ വിശദാംശം

| ക്രമ നം | ഫയൽ നമ്പർ | വിഷയം |
|---|---|---|
| 1 | 4492/ടേബിൾ2/ 2023/ലെജി. | ശ്രീ. കെ.ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസ് |

## അനുബന്ധം V

## കമ്മിറ്റിയുടെ പരിഗണനയിലുള്ള തീർപ്പാക്കാത്ത വിഷയങ്ങൾ

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ പരിഗണനയിലുള്ളതും അന്തിമമായി തീർപ്പാക്കാത്തതുമായ വിഷയങ്ങൾ താഴെ ചേർത്തിട്ടുള്ളവയാണ് :

i) **ശ്രീ. പി. രാധാകൃഷ്ണൻ, (Asst. Director, E.D) എതിരെ ശ്രീ. ജയിംസ് മാത്യൂ, എം.എൽ.എ. സമർപ്പിച്ച നോട്ടീസ്.**

(ഫയൽ നം. 4457/ടേബിൾ2/2020/ലെജി.

ബുള്ളറ്റിൻ നം. 898 തീയതി 4-11-2020 പ്രകാരം റഫർ ചെയ്തത്)

പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ കമ്മിറ്റി നടപടി പൂർത്തീകരിക്കാത്ത വിഷയമായതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 208 (2), 210 എന്നിവ പ്രകാരം ബഹു. സ്പീക്കറുടെ അനുമതിയോടുകൂടി നടപടി തുടരുന്നതിനു തീരുമാനിച്ചിട്ടുള്ളത്.

ii) **കസ്റ്റംസ് പ്രിവന്റീവ് ഓഫീസർ ഉൾപ്പെടെയുള്ളവർക്കെതിരെ ശ്രീ. രാജു എബ്രഹാം, എം.എൽ.എ., നൽകിയ നോട്ടീസ്**

(ഫയൽ നം. 813/ടേബിൾ2/2021/ലെജി.
ബുള്ളറ്റിൻ നം. 944 തീയതി 16-1-2021 പ്രകാരം റഫർ ചെയ്തത്)

പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ കമ്മിറ്റി നടപടി പൂർത്തീകരിക്കാത്ത വിഷയമായതിനാൽ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 208 (2), 210 എന്നിവ പ്രകാരം ബഹു. സ്പീക്കറുടെ അനുമതിയോടുകൂടി നടപടി തുടരുന്നതിനു തീരുമാനിച്ചു.

iii) **ശ്രീ. പി. വി. ശ്രീനിജിൻ, എം. എൽ. എ., ശ്രീ. സാബു എം. ജേക്കബിനെതിരെ സമർപ്പിച്ച അവകാശ ലംഘന നോട്ടീസ്.**

(ഫയൽ നം. 934/ടേബിൾ2/2022/ലെജി.
ബുള്ളറ്റിൻ നം. 297 തീയതി 5-9-2022 പ്രകാരം റഫർ ചെയ്തത്)

26-12-2021-ന് റിപ്പോർട്ടർ ചാനലിൽ നടന്ന ചർച്ചയിൽ കിറ്റെക്സ് കമ്പനി ചെയർമാൻ ശ്രീ. സാബു എം. ജേക്കബ് സ്ഥലം എം.എൽ.എ. ആയ തനിക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തിയെന്നു കാണിച്ച് ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. നൽകിയ അവകാശലംഘന നോട്ടീസ്.

iv) **ബഹു. പ്രതിപക്ഷ സാമാജികർ സമർപ്പിച്ച അവകാശ ലംഘന നോട്ടീസ്** (ഫയൽ നം. 4423/ടേബിൾ2/2023/ലെജി.

ബുള്ളറ്റിൻ നം. 388 തീയതി 31-5-2023 പ്രകാരം റഫർ ചെയ്തത്)

15-3-2023-ാം തീയതിയിലെ ബഹു. സ്പീക്കറുടെ ചേംബറിനു പുറത്തു നടന്ന സംഘർഷത്തിനിടയിൽ വാച്ച് ആൻഡ് വാർഡ് കയ്യേറ്റം ചെയ്തതായി കാണിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എ.കെ.എം. അഷറഫ്, ശ്രീ. ടി.വി. ഇബ്രാഹിം, ശ്രീ. സനീഷ് കുമാർ ജോസഫ്, ശ്രീമതി കെ.കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ സാമാജികർ ബഹു. സ്പീക്കർക്ക് നൽകിയ പരാതികൾ.

v) **കേരള പോലീസ് അസോസിയേഷൻ ബഹു. സ്പീക്കർക്ക് സമർപ്പിച്ച പരാതി**

(ഫയൽ നം. 4422/ടേബിൾ2/2023/ലെജി.
ബുള്ളറ്റിൻ നം. 389 തീയതി 31-5-2023 പ്രകാരം റഫർ ചെയ്തത്)

15-3-2023-ാം തീയതിയിലെ ബഹു. സ്പീക്കറുടെ ചേംബറിന് പുറത്തു നടന്ന സംഘർഷത്തിൽ വാച്ച് ആൻഡ് വിഭാഗം ഉദ്യോഗസ്ഥർക്ക് പരിക്കേറ്റതു സംബന്ധിച്ച പരാതി.

vi) **വാച്ച് ആൻഡ് വാർഡ് വിഭാഗം ബഹു. സ്പീക്കർക്കു സമർപ്പിച്ച പരാതി**

(ഫയൽ നം. 4424/ടേബിൾ2/2023/ലെജി.
ബുള്ളറ്റിൻ നം. 390 തീയതി 31-5-2023 പ്രകാരം റഫർ ചെയ്തത്)

15-3-2023-ാം തീയതിയിലെ ബഹു. സ്പീക്കറുടെ ചേംബറിന് പുറത്തു നടന്ന സംഘർഷത്തിൽ വാച്ച് ആൻഡ് വിഭാഗം ഉദ്യോഗസ്ഥർക്ക് പരിക്കേറ്റതു സംബന്ധിച്ച പരാതി.

vii) **ശ്രീ. രമേശ് ചെന്നിത്തല എം.എൽ.എ. സമർപ്പിച്ച പരാതികൾ**

(ഫയൽ നം. 5430/ടേബിൾ2/2023/ലെജി.
ബുള്ളറ്റിൻ നം. 385 തീയതി 11-5-2023 പ്രകാരം റഫർ ചെയ്തത്)

15-3-2023-ാം തീയതിയിലെ ബഹു. സ്പീക്കറുടെ ചേംബറിന് പുറത്തു നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് കേസെടുത്തത് പ്രസ്തുത വിഷയം പ്രിവിലേജസ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചതിന് ശേഷമാണോയെന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പരാതി.

(ഫയൽ നം. 4875/ടേബിൾ2/2023/ലെജി.
ബുള്ളറ്റിൻ നം. 391 തീയതി 31-5-2023 പ്രകാരം റഫർ ചെയ്തത്)

15-3-2023-ാം തീയതിയിലെ ബഹു. സ്പീക്കറുടെ ചേംബറിന് പുറത്തു നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് കേസെടുത്തത് ബഹു. സ്പീക്കറുടെ അനുമതിയോടു കൂടെയാണോയെന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പരാതി.

viii) **ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ. സമർപ്പിച്ച അവകാശ ലംഘന നോട്ടീസ്**

(ഫയൽ നം. 7072/ടേബിൾ2/2023/ലെജി.
ബുള്ളറ്റിൻ നം. 384 തീയതി 11-5-2023 പ്രകാരം റഫർ ചെയ്തത്)

15-3-2023-ാം തീയതിയിലെ ബഹു. സ്പീക്കറുടെ ചേംബറിന് പുറത്തു നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് നൽകിയ പരാതി.

ix) **ശ്രീ. സി. സി. മുകുന്ദൻ, എം. എൽ.എ., കൊടുങ്ങല്ലൂർ ഡി. വൈ. എസ്. പി. ശ്രീ. സലീഷ് എൻ. ശങ്കറിനെതിരെ നൽകിയ അവകാശ ലംഘന നോട്ടീസ്**

(ഫയൽ നം. 20826 /ടേബിൾ-2/2023/ലെജി.)
ബുള്ളറ്റിൻ നം. 522 തീയതി 20-6-2024 പ്രകാരം റഫർ ചെയ്തത്)

2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജക മണ്ഡലത്തിലെ 'നവകേരള സദസ്സ്' നടന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ് . എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടക സമിതി ചെയർമാനും സ്ഥലം എം.എൽ.എ.-യുമായ ശ്രീ. സി. സി. മുകുന്ദൻ നൽകിയ പരാതി.

X) **ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ., ശ്രീ. പി.വി. അൻവർ എം.എൽ.എ.യ്ക്കെതിരെ സമർപ്പിച്ച അവകാശ ലംഘന നോട്ടീസ്.**

(ഫയൽ നം. 17480 /ടേബിൾ-2/2024/ലെജി.)
ബുള്ളറ്റിൻ നം. 570 തീയതി 14-10-2024 പ്രകാരം റഫർ ചെയ്തത്)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം അംഗങ്ങളുടെ സഭയ്ക്കകത്തുള്ള ഇരിപ്പിടം സംബന്ധിച്ച തീരുമാനം ബഹു. സ്പീക്കറിൽ നിക്ഷിപ്തമാണെന്നിരിക്കെ, ശ്രീ. പി. വി. അൻവർ, എം.എൽ.എ. അദ്ദേഹത്തിന്റെ സഭയിലെ ഇരിപ്പിട മാറ്റത്തെ സംബന്ധിച്ച് സ്പീക്കർ എടുത്ത തീരുമാനത്തെ പരസ്യമായി മുഖ്യധാരാമാധ്യമങ്ങളിലൂടെ വിമർശിക്കുകയും ചെയ്ത നടപടിയ്ക്കെതിരെ ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ. നൽകിയ അവകാശ ലംഘന നോട്ടീസ്.

അനുബന്ധം VI

# റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023-2026)

## 2024 മെയ് 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ യോഗം 2024 മെയ് 16-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00-ന് നിയമസഭാ സമുച്ചയത്തിലെ 5 'A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എം. വി.ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. എച്ച്. സലാം

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി
3. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി.

സമിതിയുടെ പരിഗണനയ്ക്കായി ബഹുമാനപ്പെട്ട സ്പീക്കർ റഫർ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന അവകാശലംഘന നോട്ടീസ് കമ്മിറ്റി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1) ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് (ഫയൽ നമ്പർ - 4492/ടേബിൾ-2/2023/നി.സെ.)

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് സംബന്ധിച്ച വിഷയം സമിതി പരിഗണിക്കുകയും 15-11-2023-ന് ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ ഹാജരായി തെളിവ് നൽകാൻ നിശ്ചയിച്ചിരുന്ന യോഗം മാറ്റി വച്ചിരുന്നത് 30-5-2024-ന് നടത്താൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിനുള്ള ചോദ്യാവലി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2015 മാർച്ച് 13-ലെ ബജറ്റ് അവതരണ വേളയിൽ നിയമസഭയിൽ നടന്ന സംഘർഷവുമായി ബന്ധപ്പെട്ട് ബഹു.മുൻ അംഗം ശ്രീമതി ഗീതാ ഗോപിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ FIR രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം നടത്തുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് നിയമസഭാ ഹാളിനുള്ളിൽ പ്രവേശനം അനുവദിക്കുന്നതിലുള്ള പ്രിവിലേജ് സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ബഹു.സ്പീക്കർക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി പ്രസ്തുത വിഷയം പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ പരിശോധനയ്ക്കായി ബഹു. സ്പീക്കർ റഫർ ചെയ്ത വിവരം കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തി. പ്രസ്തുത വിഷയം സമിതിയുടെ മറ്റൊരു യോഗത്തിൽ പരിഗണിക്കാനായി മാറ്റി വച്ചു.

യോഗം ഉച്ചയ്ക്ക് 12.35-ന് പിരിഞ്ഞു.

## പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023-26)
## 2024 മെയ് 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ യോഗം2024 മെയ് 30-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00-ന് നിയമസഭാ സമുച്ചയത്തിലെ 5 'A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. ടി. പി. രാമകൃഷ്ണൻ

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പി. ബാലചന്ദ്രൻ
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. മാത്യു ടി. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, അഡീഷണൽ സെക്രട്ടറി
3. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. നന്ദകുമാർ, അണ്ടർ സെക്രട്ടറി

കമ്മിറ്റിയുടെ പരിഗണനയ്ക്കായി ബഹുമാനപ്പെട്ട സ്പീക്കർ റഫർ ചെയ്തിട്ടുള്ള ചുവടെ ചേർക്കുന്ന അവകാശലംഘന നോട്ടീസ് സമിതി പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ്</u> (ഫയൽ നമ്പർ - 4492/ടേബിൾ-2/2023/നി.സെ)

കമ്മിറ്റിയുടെ 16-5-2024-ന് ചേർന്ന യോഗത്തിൽ ശ്രീ.കെ.ബി.ഗണേഷ് കുമാർ, എം.എൽ.എ. ഡോ.ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസ് പരിഗണിക്കുകയും 15-11-2023-ന് ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുമ്പാകെ ഹാജരായി തെളിവ് നൽകാൻ നിശ്ചയിച്ചിരുന്ന യോഗം 30-5-2024-ന് നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം ഡോ. ഹാരിസ് ചിറയ്ക്കലിന് 17-5-2024-ന് രജിസ്റ്റേർഡ് തപാലായി കത്ത് അയച്ചിരുന്നുവെന്നും പ്രസ്തുത കത്തിന് ലഭിച്ച മറുപടിയിൽ ഒഴിവാക്കാൻ സാധിക്കാത്ത ഔദ്യോഗിക കാരണങ്ങളാൽ 30-5-2024- ന് ചേരുന്ന സമിതി യോഗത്തിൽ ഹാജരാകാൻ ബുദ്ധിമുട്ടുണ്ടെന്നും ആശുപത്രി പ്രവർത്തനം തടസ്സപ്പെടുത്താത്ത രീതിയിൽ ബുധൻ, ശനി എന്നീ ദിവസങ്ങളിലൊന്നിൽ തെളിവെടുപ്പ് നടത്തുന്ന പക്ഷം ഹാജരാകാൻ സാധിക്കുമെന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ 22-5-2024-ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്ന് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത മറുപടി കത്തിൽ, താൻ നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് യൂറോളജി വിഭാഗം മേധാവിയും യൂറോളജി 1-ാം യൂണിറ്റിന്റെ ചീഫുമാണെന്നും വ്യാഴാഴ്ച തന്റെ ഒ.പി.ദിവസമാണെന്നും ടി യൂണിറ്റിൽ രണ്ട് ഡോക്ടർമാർ മാത്രമാണ് ഫാക്കൽറ്റികളെന്നും എകദേശം 250-ൽ പരം രോഗികൾ പ്രസ്തുത ദിവസം ഒ.പി.-യിൽ ചികിത്സ തേടാറുണ്ടെന്നും ഡിപ്പാർട്ട് മെന്റ് മേധാവി ആയത് കൊണ്ട് തന്നെ കേരളത്തിലെ വിദൂരസ്ഥലങ്ങളിൽ നിന്ന് പോലും രോഗികൾ എത്താറുണ്ടെന്നും ഇത്രയും പേർ വരുന്ന ദിവസമായ 30-5-2024-വ്യാഴാഴ്ച ഒ.പിയിൽ നിന്ന് മാറി നിൽക്കുന്നത് ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമെന്നും "ഒ.പി.-യിൽ ഡോക്ടർ ഇല്ല" എന്നുള്ള പരാതി ഉണ്ടാകാനിടയുണ്ടെന്നും, മെഡിക്കൽ കോളേജിനും സർക്കാരിനും പഴി കേൾക്കേണ്ടി വരുമെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ തിങ്കൾ (ഒ.പി), ചൊവ്വ(ഓപ്പറേഷൻ), വ്യാഴം( ഒ.പി.), വെള്ളി (ഓപ്പറേഷൻ) എന്നീ ദിവസങ്ങൾ ഒഴിച്ച് ബുധൻ, ശനി ദിവസങ്ങളിൽ പ്രസ്തുത തെളിവെടുപ്പ് നടത്തിയാൽ ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതെ തനിക്ക് സമിതി മുമ്പാകെ ഹാജരാകാൻ സാധിക്കുമെന്നും സമിതിയുടെ പരിഗണന പ്രതീക്ഷിക്കുന്നതായും ഡോ. ഹാരിസ് ചിറയ്ക്കൽ കത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നു. ഡോ. ഹാരിസ് ചിറയ്ക്കലിന്റെ കത്ത് സമിതി യോഗം പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2024 ജൂൺ 5-ാം തീയതി ബുധനാഴ്ച രാവിലെ 11.30-മണിക്ക് ചേരുന്ന സമിതിയുടെ അടുത്ത യോഗത്തിൽ ഡോ. ഹാരിസ് ചിറയ്ക്കലിനോട് സമിതി മുമ്പാകെ തെളിവെടുപ്പിനായി ഹാജരാകണമെന്ന് ആവശ്യപ്പെടുന്നതിനായി തീരുമാനിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12.20-ന് പിരിഞ്ഞു.

## 2024 ജൂൺ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ യോഗം 2024 ജൂൺ 5-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ. ടി. പി. രാമകൃഷ്ണൻ

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗം</u> :

1. ശ്രീ. യു. എ. ലത്തീഫ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി
3. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

<u>തെളിവെടുപ്പിന് ഹാജരായ വ്യക്തി</u> :

ഡോ. ഹാരിസ് ചിറയ്ക്കൽ

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ച അവകാശലംഘന നോട്ടീസിൻമേൽ ഡോ. ഹാരിസ് ചിറയ്ക്കൽ സമിതിക്ക് മുൻപാകെ തെളിവെടുപ്പിനായി ഹാജരാകുകയും, കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടം 197-ൽ വ്യവസ്ഥ ചെയ്യും പ്രകാരം ഇക്കാര്യത്തിൽ നൽകുന്ന തെളിവ് സത്യമാണെന്നും യാതൊന്നും മറച്ചുവയ്ക്കില്ലെന്നും സമിതി മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. തുടർന്ന് സമിതി ഡോ. ഹാരിസ് ചിറയ്ക്കലിൽ നിന്നും താഴെ പറയും പ്രകാരം തെളിവെടുപ്പ് നടത്തി.

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 194(1)-പ്രകാരം സഭയ്ക്കുള്ളിൽ അഭിപ്രായ പ്രകടനം നടത്താൻ അംഗങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടെന്നിരിക്കെ ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. 13-3-2023-ന് സഭയിൽ നടത്തിയ പ്രസംഗത്തിനെതിരെ സമൂഹമാധ്യമങ്ങളിൽ അധിക്ഷേപ പോസ്റ്റുകൾ ഇടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് വ്യക്തമാക്കാമോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത സംഭവത്തിൽ

തന്റെ ഭാഗത്തുനിന്ന് തെറ്റുപറ്റിയിട്ടുള്ളതായും ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. നിയമസഭയിൽ പറഞ്ഞ അഭിപ്രായങ്ങളെ വിമർശിച്ചുകൊണ്ട് കെ.ജി.എം.സി.ടി. അസോസിയേഷന്റെ വാട്ട്സ്ആപ് ഗ്രൂപ്പിൽ ഒരു പോസ്റ്റ് ഇട്ടിരുവെന്നും ആയത് ഒരു ക്ലോസ്ഡ് ഗ്രൂപ്പായതിനാൽ ഇക്കാര്യം പുറത്ത് പ്രചരിക്കില്ലെന്ന ധാരണയിലാണ് അങ്ങനെ ചെയ്തതെന്നും എന്നാൽ തന്നോട് ശത്രുതയുള്ള ഗ്രൂപ്പിലെ ഒരംഗം പ്രസ്തുത പോസ്റ്റ് ബഹു.അംഗത്തിന് അയച്ചുകൊടുക്കുകയാണുണ്ടായതെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. 70 ശതമാനത്തോളം ഡോക്ടർമാർ കുഴപ്പക്കാരല്ലെന്നും ബാക്കി 30 ശതമാനം ഡോക്ടർമാർ തല്ലുകൊള്ളുന്നതിൽ കുറ്റം പറയാൻ സാധിക്കില്ലെന്നും ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ. നടത്തിയ പരാമർശം തനിക്ക് വളരെയധികം വിഷമമുണ്ടാക്കിയതായും തന്റെ അദ്ധ്യാപകനായിരുന്ന ഡോ. ആർ. സി. ശ്രീകുമാറിനെതിരെയാണ് ബഹു.അംഗം സഭയിൽ ഇത്തരം പരാമർശം നടത്തിയതെന്നും ആയതിനാലാണ് താൻ അല്പം വൈകാരികമായി പ്രതികരിക്കാനിടയായതെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുൻപാകെ ബോധിപ്പിച്ചു. താൻ ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ യൂറോളജി വിഭാഗം മേധാവിയായി ജോലി ചെയ്യുകയാണെന്നും 1997-ൽ പരിയാരം മെഡിക്കൽ കോളേജിൽ സർവ്വീസിൽ പ്രവേശിച്ച തന്റെ 26 വർഷത്തെ സർവ്വീസ് കാലഘട്ടത്തിൽ രോഗികളുടെയോ സഹപ്രവർത്തകരുടെയോ ഭാഗത്തുനിന്നും തന്നെക്കുറിച്ച് യാതൊരു പരാതികളുമുണ്ടായിട്ടില്ലെന്നും നാളിതുവരെയും രോഗികളിൽനിന്ന് കൈക്കൂലിയോ ലാബുകളിൽനിന്ന് കമ്മീഷനോ വാങ്ങിയിട്ടില്ലെന്നും ചില സന്ദർഭങ്ങളിൽ അറിയാതെ വൈകാരികമായി പ്രതിഷേധിക്കുന്നത് തന്റെ സ്വഭാവദൂഷ്യമാണെന്നും ആയത് ശ്രീ. കെ. ബി. ഗണേഷ് കുമാറിന് വിഷമമുണ്ടാക്കിയതിൽ താൻ അങ്ങേയറ്റം ഖേദിക്കുന്നതായും ഡോ. ഹാരിസ് ചിറയ്ക്കൽ സമിതി മുൻപാകെ വ്യക്തമാക്കി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്കെതിരെ നടത്തിയ അധിക്ഷേപ പരാമർശം സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം അറിവുള്ളതാണോയെന്ന സമിതിയുടെ ചോദ്യത്തിനും കുറച്ച് പേരടങ്ങുന്ന ഗ്രൂപ്പിലാണ് പോസ്റ്റ് ചെയ്തതെങ്കിലും അതിലൂടെയും അംഗത്തെക്കുറിച്ച് മോശപ്പെട്ട അഭിപ്രായം ഉണ്ടാകാൻ ഇടയായിട്ടുണ്ടെന്നുമുള്ള സമിതിയുടെ വിലയിരുത്തലിനും മറുപടിയായി അക്കാര്യം താൻ സമ്മതിക്കുന്നുവെന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. നിയമസഭാംഗങ്ങൾക്ക് ഭരണഘടന നൽകുന്ന ചില പരിരക്ഷകളുണ്ടെന്നും, അംഗങ്ങൾ സഭയിൽ നടത്തിയ പ്രസംഗത്തെ അധിക്ഷേപിച്ചുകൊണ്ട് പോസ്റ്റിടുന്നത് നിയമസഭാംഗത്തോട് മാത്രമല്ല നിയമസഭയോടും കൂടിയുള്ള അവഹേളനമാണെന്ന കാര്യം താങ്കൾക്ക് ബോധ്യമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി തനിക്ക് ഇക്കാര്യത്തിൽ തെറ്റുപറ്റിയതായും ഇത് ഇത്രയും ഗൗരവമുള്ള വിഷയമാണെന്ന് അറിഞ്ഞില്ലെന്നും ഇപ്രകാരം സംഭവിച്ചത് തന്റെ അറിവില്ലായ്മ കൊണ്ടാണെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

ഖേദപ്രകടനം നടത്തിയശേഷവും ഇതുപോലുള്ള അധിക്ഷേപ കമന്റുകൾ പോസ്റ്റ് ചെയ്തുവെന്നത് പ്രധാനപ്പെട്ട വിഷയമാണെന്നുള്ള സമിതിയുടെ അഭിപ്രായത്തിന് മറുപടിയായി ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പേരെടുത്തുപറഞ്ഞ് അദ്ദേഹത്തെ കുറ്റപ്പെടുത്തി വാട്ട്സ്ആപ് ഗ്രൂപ്പിൽ പോസ്റ്റിട്ടുവെന്നുള്ളത് സത്യം തന്നെയാണെന്നും വേറൊരു ഗ്രൂപ്പിലും താൻ അത് ഷെയർ ചെയ്തിട്ടില്ലെന്നും പിന്നീട് അദ്ദേഹത്തെ വിമർശിച്ചിട്ടില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. താങ്കൾ ഫേസ്ബുക്കിൽ സർക്കാരിനെ വിമർശിച്ചുകൊണ്ട് ധാരാളം പോസ്റ്റുകളിട്ടിട്ടുണ്ടെന്നും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിനും മറ്റ് മന്ത്രിമാർക്കുമെതിരെ വാട്ട്സ്ആപിലൂടെ നടത്തിയിട്ടുള്ള അധിക്ഷേപ പോസ്റ്റുകളുടെ രേഖ സമിതിയുടെ കൈവശമുണ്ടെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി തന്റെ ഭാഗത്ത് നിന്ന് അങ്ങനെ ഒരു തെറ്റുപറ്റിപ്പോയതായും ഇനി ആവർത്തിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി. ബഹു.മുൻ മന്ത്രി ബാലകൃഷ്ണപിള്ള ഉൾപ്പെടെയുള്ളവർക്കെതിരെ ' തന്ത, തള്ള് തുടങ്ങിയ പദപ്രയോഗങ്ങൾ നടത്തിയതും, ശ്രീ കെ. എൻ. ബാലഗോപാൽ ഉൾപ്പെടെയുള്ള മന്ത്രിമാരെപ്പറ്റി ഫേസ്ബുക്കിൽ നടത്തിയ പരാമർശങ്ങളും ശരിയല്ലെന്ന് കരുതുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി അക്കാര്യം താൻ തീർച്ചയായും സമ്മതിക്കുന്നുവെന്നും സോഷ്യൽ മീഡിയയെക്കുറിച്ച് പരിമിതമായ അറിവുമാത്രമേ തനിക്കുള്ളൂവെന്നും ഇക്കാര്യത്തിൽ തെറ്റ് പ്പറ്റിപ്പോയതായി സമ്മതിക്കുന്നുവെന്നും മേലിൽ ഇത് ആവർത്തിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ.-യ്ക്കെതിരെ ഇത്തരമൊരു പ്രകോപനത്തിന് ഇടവരാൻ കാരണമെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗം മാത്രമല്ല തൊട്ടടുത്ത ദിവസങ്ങളിൽ മാധ്യമങ്ങൾക്ക് നൽകിയ അഭിമുഖങ്ങളിലും പിന്നീട് യുട്യൂബിലൂടെയും ഡോക്ടർമാരെക്കുറിച്ച് 'നാറികൾ, അല്പന്മാർ' തുടങ്ങിയ വളരെ മോശപ്പെട്ട പ്രയോഗങ്ങൾ നടത്തിയതായും ഡോക്ടർമാരുടെ സംഘടനകളുടെ പേരെടുത്ത് പറഞ്ഞ് അവരൊക്കെ തല്ലുകൊള്ളേണ്ടവരാണെന്ന പരാമർശം നടത്തുകയുണ്ടായെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ വ്യക്തമാക്കി. എല്ലാ ദിവസവും ഭീഷണി നേരിടുന്ന സമൂഹമാണ് ഡോക്ടർമാരുടേതെന്നും ഡോക്ടർമാരെ പല രീതിയിലും അധിക്ഷേപി ക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങളുണ്ടാകാറുണ്ടെന്നും തന്റെ അദ്ധ്യാപകനായ ഡോ. ആർ. സി. ശ്രീകുമാർ ഉൾപ്പെടെയുള്ള ഡോക്ടർമാരെ മോശമായി പരാമർശിച്ചത് കേട്ടപ്പോൾ പെട്ടെന്നുണ്ടായ രോഷത്തിൽ ചെയ്തുപോയ ഒരു കാര്യമായി ഇതിനെ കാണണമെന്നും നിയമപരമായ കാര്യങ്ങളിൽ മതിയായ അറിവ് തനിക്കില്ലെന്നും ഡോ. ഹാരിസ് ചിറയ്ക്കൽ മറുപടി നൽകി.

നിയമം അറിയില്ല എന്നുള്ളത് ഒരു ഒഴികഴിവ് അല്ല എന്ന കാര്യം താങ്കൾ മനസ്സിലാക്കേണ്ടതാണെന്നുള്ള സമിതിയുടെ അഭിപ്രായത്തോട് യോജിക്കുന്നതായി ഡോ. ഹാരിസ് ചിറയ്ക്കൽ അറിയിക്കുകയും തന്റെ സർക്കാർ ജോലിക്ക് തടസ്സം വരാത്ത രീതിയിൽ ശിക്ഷയിൽ നിന്നും തന്നെ ഒഴിവാക്കിത്തരണമെന്ന് സമിതി മുമ്പാകെ അപേക്ഷിക്കുകയും ചെയ്തു. സമിതി അനുമതി നൽകിയതിനെത്തുടർന്ന് ഡോ. ഹാരിസ് ചിറയ്ക്കൽ യോഗഹാളിൽ നിന്നും പുറത്തേക്ക് പോയി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസിൻമേൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്നും അറിവില്ലായ്മ കൊണ്ട് സംഭവിച്ച തെറ്റ് മേലിൽ ആവർത്തിക്കില്ലെന്നും തുടർനടപടിയിൽനിന്ന് ഒഴിവാക്കിത്തരണമെന്നുമുള്ള ഡോ. ഹാരിസ് ചിറയ്ക്കലിന്റെ ആവശ്യം മുഖവിലയ്ക്കെടുത്ത് മേലിൽ ഇത്തരം പരാമർശങ്ങൾ ആവർത്തിക്കരുതെന്ന താക്കീത് നൽകിക്കൊണ്ട് അവകാശ ലംഘന നോട്ടീസിൻ മേലുള്ള തുടർനടപടി അവസാനിപ്പിക്കാമെന്ന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 2024 ജൂലൈ 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി (2023-26)-യുടെ യോഗം 2024 ജൂലൈ 1-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിന് ശേഷം നിയമസഭാ സമുച്ചയത്തിലെ '610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. മാത്യു ടി. തോമസ്
2. ശ്രീ. ടി. പി. രാമകൃഷ്ണൻ
3. ശ്രീ. എച്ച്. സലാം
4. ശ്രീ. യു. എ. ലത്തീഫ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ., ഡോ. ഹാരിസ് ചിറയ്ക്കലിനെതിരെ സമർപ്പിച്ചിരുന്നതും ബഹു. സ്പീക്കർ കമ്മിറ്റിയുടെ പരിഗണനയ്ക്കായി റഫർ ചെയ്തിരിക്കുന്നതുമായ അവകാശ ലംഘനനോട്ടീസിന്മേലുള്ള കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 2024 ജൂലൈ 04-ാം തീയതി പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായും സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.05-ന് പിരിഞ്ഞു.

## 2024 ആഗസ്റ്റ് 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി(2023-26)-യുടെ യോഗം 2024 ആഗസ്റ്റ് 29-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '610-ാം നമ്പർ സമ്മേളന ഹാളിൽ കമ്മിറ്റി ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ.എം.വി.ഗോവിന്ദൻ മാസ്റ്റർ
2. ശ്രീ. മാത്യു ടി. തോമസ്
3. ശ്രീ.ടി.പി.രാമകൃഷ്ണൻ

ഓൺലൈനായി സന്നിഹിതരായ അംഗങ്ങൾ :

4. ശ്രീ. പി. ബാലചന്ദ്രൻ
5. ശ്രീ. യു. എ. ലത്തീഫ്
6. ശ്രീ. എച്ച്. സലാം

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജകമണ്ഡലത്തിലെ 'നവകേരള സദസ്സ്' നടന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളം

തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡി.വൈ.എസ്.പി. സലീഷ്. എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധമായ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടകസമിതി ചെയർമാനും സ്ഥലം എം.എൽ.എ.-യുമായ ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതി സമിതി പരിഗണിക്കുകയും, പ്രസ്തുത വിഷയം സംബന്ധിച്ച് സലീഷ്. എൻ. ശങ്കറിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് കത്തയയ്ക്കുന്നതിനായും, തുടർന്ന് 2024 സെപ്റ്റംബർ 10-ാം തീയതി ചേരുന്ന അടുത്ത സമിതി യോഗത്തിൽ ഹാജരായി പ്രസ്തുത വിഷയത്തിൻമേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.-യോട് ആവശ്യപ്പെടുന്നതിനായും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.20-ന് പിരിഞ്ഞു.

## 2024 ഒക്ടോബർ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2024 ഒക്ടോബർ 23-ാം തീയതി ബുധനാഴ്ച രാവിലെ 11.00-ന് നിയമസഭാ സമുച്ചയത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. മാത്യു ടി. തോമസ്

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ:

1. ശ്രീ. യു. എ. ലത്തീഫ്
2. ശ്രീ. പി. ബാലചന്ദ്രൻ
3. ശ്രീ. എച്ച്. സലാം

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. എസ്. വിജയൻ, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി റീന വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

തെളിവെടുപ്പിന് ഹാജരായ അംഗം:

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

2023 ഡിസംബർ 4, 5 തീയതികളിൽ നാട്ടിക നിയോജക മണ്ഡലത്തിലെ 'നവകേരള സദസ്സ്' നടന്ന വേദിയിൽ സംഘാടക സമിതിയുടെ പ്രവർത്തനങ്ങളെ താളം തെറ്റിക്കുന്ന തരത്തിൽ കൊടുങ്ങല്ലൂർ ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. സലീഷ് എൻ. ശങ്കറിന്റെ നേതൃത്വത്തിൽ നടന്ന ക്രമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംഘാടകസമിതി ചെയർമാനായിരുന്ന ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമർപ്പിച്ച പരാതിയിൻമേൽ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്യപ്പെട്ട പ്രസ്തുത പരാതി 29-8-2024-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിൽ നിന്ന് വിശദീകരണമാരായാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതുപ്രകാരം ഡിവൈ.എസ്.പി. ലഭ്യമാക്കിയ വിശദീകരണത്തിൽ പരാതിയിൽ സൂചിപ്പിച്ച പ്രകാരമുള്ള സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ബഹു. എം.എൽ.എ.-യ്ക്ക് ഏതെങ്കിലും വിധത്തിലുള്ള വിഷമമുണ്ടായിട്ടുണ്ടെങ്കിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം സമിതി പരിഗണന യ്ക്കെടുക്കുകയും ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., സമിതി മുമ്പാകെ ഹാജരായി സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പ് യോഗത്തിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

'നവകേരള സദസ്സ്' നടന്ന വേദിയിൽ പ്രോട്ടോക്കോൾ ലംഘനം ഉണ്ടായിട്ടുണ്ടോ യെന്നും പരാതി നൽകാനിടയായ സാഹചര്യമെന്തെന്ന് വിശദീകരിക്കുമോ എന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ., ചുവടെ ചേർക്കുന്ന കാര്യങ്ങൾ സമിതി മുമ്പാകെ അറിയിച്ചു.

സർക്കാരിന്റെ നിർദേശമനുസരിച്ച് നവകേരള സദസ്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നതായും പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ രാഷ്ട്രീയ പ്രതിനിധികളെയും ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാർ നിർദേശിച്ചപ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുകയും ചെയ്തിരുന്നതായും ബഹു.അംഗം സമിതി മുമ്പാകെ വ്യക്തമാക്കി. പരിപാടി നടക്കുന്നതിന് രണ്ടുദിവസം മുമ്പ് പോലീസിന്റെ സെക്യൂരിറ്റി പരിശോധന അവിടെ നടത്തിയിരു ന്നതായും തുടർന്ന് 2024 ഡിസംബർ 4-ാം തീയതി രാത്രി ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കർ പരിപാടി നടക്കുന്ന സ്ഥലത്തെത്തി ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എതിർപ്പ് പ്രകടിപ്പിച്ചുവെങ്കിലും ജില്ലാ കളക്ടറും റൂറൽ എസ്.പി.-യും ഹെലി ഡ്രോൺ ക്യാമറ ഉപയോഗിക്കാൻ അനുമതി നൽകിയതായും ബഹു.അംഗം അറിയിച്ചു. എന്നാൽ എം.എൽ.എ. എന്ന പരിഗണനപോലും നൽകാതെ

വളരെ മോശമായ രീതിയിലുള്ള സമീപനമാണ് ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിന്റെ ഭാഗത്തുനിന്നുണ്ടായതെന്നും ടിയാന്റെ നേതൃത്വത്തിൽ നവകേരള സദസ്സിന്റെ വേദിയിൽ സ്ഥാപിച്ച ബാരിക്കേഡും മറ്റും പൊളിച്ചുകളയുകയുണ്ടായെന്നും ആയത് പുനർനിർമ്മിച്ച വകയിൽ 68,000 രൂപയോളം അധികമായി ചെലവഴിക്കേണ്ടിവന്നതായും ബഹു. അംഗം സമിതി മുമ്പാകെ അറിയിച്ചു. കുടിവെള്ളം, ഭക്ഷണം, ചികിത്സാസൗകര്യം തുടങ്ങിയവയ്ക്കായി ഏർപ്പെടുത്തിയിരുന്ന സ്ഥലങ്ങളൊക്കെ പൊളിച്ചുമാറ്റുകയും തന്നെ സഹായിച്ചിരുന്ന പി.എ.-യെ ഉൾപ്പെടെ കഴുത്തിനു പിടിച്ച് പുറത്താക്കാൻ പോലീസുകാരോട് അദ്ദേഹം ആവശ്യപ്പെട്ടതായും സമ്മേളനം മോശമാക്കാൻ ഡിവൈ.എസ്.പി. മനഃപൂർവ്വം ശ്രമിക്കുന്നതായാണ് തനിക്ക് തോന്നിയതെന്നും ബഹു. അംഗം വ്യക്തമാക്കി. സംഘാടക സമിതി ചെയർമാൻ കൂടിയായ തന്നോട് നിരവധിയാളുകൾ പോലീസിന്റെ ഇത്തരം നടപടിയിൽ പരാതി പറയുകയുണ്ടായെന്നും ഇതുസംബന്ധിച്ച് കളക്ടർക്കും റൂറൽ എസ്.പി.-ക്കും പരാതി നൽകിയെങ്കിലും യാതൊരു നടപടിയുമുണ്ടായില്ലെന്നും ബഹു. മുഖ്യമന്ത്രിക്കും പരാതി നൽകിയിട്ടുണ്ടെന്നും ബഹു. അംഗം അറിയിച്ചു. ഒരു നിയമസഭാ സാമാജികന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ ഇടപെടേണ്ടത് ബഹു. സ്പീക്കറായതിനാലാണ് അദ്ദേഹത്തിന് പരാതി നൽകിയതെന്നും സ്ഥലം എം.എൽ.എ.ആയ തനിക്കെതിരെ അപമര്യാദയായി പെരുമാറിയതിനും നവകേരള സദസ്സ് അലങ്കോലപ്പെടുത്തിയതിനും ഡിവൈ.എസ്.പി. ശ്രീ. സലീഷ് എൻ. ശങ്കറിന്റെ പേരിൽ നിയമനടപടി സ്വീകരിക്കണമെന്നും ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമിതി മുമ്പാകെ ആവശ്യപ്പെട്ടു.

നാട്ടിക നിയോജകമണ്ഡലത്തിൽ നവകേരള സദസ്സ് സംഘടിപ്പിച്ചതെന്നായിരുന്നു എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി 2023 ഡിസംബർ 4, 5 തീയതികളിലായിരുന്നു പ്രസ്തുത പരിപാടി സംഘടിപ്പിച്ചതെന്ന് ബഹു. അംഗം മറുപടി നൽകി. താൻ നൽകിയ പരാതി ശരിയായ രീതിയിൽ പരിശോധിച്ചിട്ടുണ്ടെന്ന് തനിക്ക് ബോധ്യപ്പെട്ടിട്ടില്ലെന്നും നവകേരള സദസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിരവധി കമ്മിറ്റികൾ അവിടെ പ്രവർത്തിച്ചിരുന്നുവെന്നുവെങ്കിലും പരാതിയുമായി ബന്ധപ്പെട്ട് ടി കമ്മിറ്റി അംഗങ്ങളിൽ നിന്നും ഒരാളുടെപോലും മൊഴിയെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ലെന്നും എം.എൽ.എ. എന്ന നിലയിൽ തനിക്ക് വളരെയേറെ മാനസിക വേദനയുണ്ടാക്കിയ സംഭവമാണിതെന്നും ബഹു. അംഗം സമിതി മുമ്പാകെ ബോധിപ്പിച്ചു.

പ്രസ്തുത വിഷയത്തിൽ ബഹു. എം.എൽ.എ.-യ്ക്ക് ഏതെങ്കിലും തരത്തിൽ വിഷമമുണ്ടായിട്ടുണ്ടെങ്കിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നതായി ശ്രീ. സലീഷ് എൻ. ശങ്കർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുള്ളതിനെക്കുറിച്ച് താങ്കളുടെ

പ്രതികരണമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി തനിക്കും തന്റെ സ്റ്റാഫിനും വളരെ മോശമായ അനുഭവമാണ് ഡിവൈ.എസ്.പി.യുടെ ഭാഗത്തുനിന്നുണ്ടായതെന്നും അതുകൊണ്ടുതന്നെ ഇക്കാര്യത്തിന്മേൽ വിശദമായ പരിശോധനയ്ക്കുശേഷം ഉചിതമായ നിയമ നടപടി സ്വീകരിക്കണമെന്നാണ് തന്റെ ആവശ്യമെന്നും ബഹു. അംഗം മറുപടി നൽകി. നവകേരള സദസ്സുമായി ബന്ധപ്പെട്ട് കേരളത്തിലുടനീളം പരിപാടിയുടെ ആദ്യാവസാനംവരെ മുഖ്യമന്ത്രിയുടെ വാഹനവ്യൂഹത്തിനുനേരെ പല സ്ഥലങ്ങളിലും വിവിധ സംഘടനകളിൽ നിന്നും പ്രതിഷേധ പ്രകടനങ്ങളുണ്ടായിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ സുരക്ഷാക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കേണ്ടത് പോലീസിന്റെ കൂടി ഉത്തരവാദിത്വമാണെന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഇക്കാര്യത്തിൽ വളരെ ശക്തമായ ക്രമീകരണങ്ങൾ എം.എൽ.എ. എന്ന നിലയിൽ തന്റെ നേതൃത്വത്തിൽ ചെയ്യുമായിരുന്നുവെന്നും പരിപാടിയുടെ ആദ്യാവസാനംവരെ മോശമായ സമീപനമായിരുന്നു ഡിവൈ.എസ്.പി. -യുടെ ഭാഗത്തുനിന്നുണ്ടായതെന്നും ബഹു. അംഗം മറുപടി നൽകി.

സുരക്ഷയുടെ ഭാഗമായി D ഫേസിനുവേണ്ട ബാരിക്കേഡിനും റാമ്പിനും മാത്രമേ മാറ്റം നിർദേശിച്ചിട്ടുള്ളൂവെന്നാണ് മറുപടിയിൽ ഡിവൈ.എസ്.പി. സൂചിപ്പിക്കുന്നതെന്നും അക്കാര്യം നേരത്തെ എം.എൽ.എ.-യുടെ ശ്രദ്ധയിൽപ്പെട്ടിരുന്നതല്ലെയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി നവകേരള സദസ്സിന്റെ ഭാഗമായി സംഘടിപ്പിച്ച ഒരു പരിപാടിയും സ്റ്റേജിൽ വച്ച് നടത്താൻ ഡിവൈ.എസ്.പി. അനുവദിച്ചില്ലെന്നും പകരം അദ്ദേഹം നിർദേശിച്ച സ്ഥലത്താണ് പരിപാടികൾ അവതരിപ്പിക്കപ്പെട്ടതെന്നും ബഹു. അംഗം മറുപടി നൽകി. സദസ്സിലും അതിനോടനുബന്ധിച്ചുള്ള ഭാഗങ്ങളിലും ഡ്രോൺ ഉപയോഗിക്കുന്നത് തടഞ്ഞിരുന്നില്ലെന്ന് ബഹു. എം.എൽ.എ.-യുടെ ഓഫീസ് അസിസ്റ്റന്റ് ശ്രീ. അസ്ഹർ പോസ്റ്റ് ചെയ്ത വീഡിയോകളിൽനിന്നും വ്യക്തമാണെന്ന് ഡി.വൈ.എസ്.പി. മറുപടി കത്തിൽ സൂചിപ്പിച്ചിരിക്കുന്നതിനെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി പരിപാടിയിൽ ഹെലി ഡ്രോൺ ഉപയോഗിച്ചിട്ടുണ്ടെന്നും ഇക്കാര്യം ഡിവൈ.എസ്.പി.-യെ ഫോണിൽ വിളിച്ച് അറിയിക്കുകയാണുണ്ടായതെന്നും ആദ്യം അദ്ദേഹം എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് അത് തർക്കത്തിനിടയായതായും എന്നാൽ ഡ്രോൺ ഉപയോഗിക്കുന്നതിന് ജില്ലാ കളക്ടറും തൃശ്ശൂർ ജില്ലാ റൂറൽ എസ്.പി.-യും അനുവാദം നൽകിയതായും ബഹു. അംഗം മറുപടി നൽകി.

D phase ഏരിയയിൽ സർക്കാരിന്റെ അനുമതിയോടെ പി.ആർ. വർക്കിലുള്ള ആറ് മാധ്യമ പ്രവർത്തകർക്ക് മാത്രമാണ് പ്രവേശനമുണ്ടായിരുന്നതെന്നും അവരെ നിഷ്കർഷിച്ച സ്ഥാനങ്ങളിലേയ്ക്ക് പ്രവേശിപ്പിച്ചിട്ടുണ്ടെന്നും മറ്റുള്ളവർ വന്നപ്പോഴാണ് തടഞ്ഞതെന്നുമാണ്

ഡിവൈ.എസ്.പി. മറുപടി കത്തിൽ വ്യക്തമാക്കുന്നതെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി D phase ഏരിയയിൽ എത്തിയ ആളുകളെ തടഞ്ഞതിനെത്തുടർന്ന് പത്രപ്രവർത്തകരും പോലീസുകാരും തമ്മിലുണ്ടായ വാക്കുതർക്കം താൻ ഇടപെട്ടാണ് പരിഹരിച്ചതെന്ന് ബഹു. അംഗം മറുപടി നൽകി. എൽ.ഡി.എഫ്. കൺവീനർ ശ്രീ. അബ്ദുൽ ഖാദർ, സി.പി.ഐ. ജില്ലാ സെക്രട്ടറി ശ്രീ. വൽസരാജ് എന്നിവർ പ്രസ്തുത വിഷയത്തിൽ എം.എൽ.എ.-യുടെ നടപടി അനുചിതമായെന്ന് പത്രപ്രസ്താവനകളിലൂടെ അഭിപ്രായപ്പെട്ടിരുന്നതായി ഡിവൈ.എസ്.പി. മറുപടി കത്തിൽ പരാമർശിക്കുന്നതിനെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ശ്രീ. അബ്ദുൽ ഖാദർ അഭിപ്രായപ്പെട്ട കാര്യം അറിവുള്ളതാണെന്നും ശ്രീ. വൽസരാജിന്റെ പ്രസ്താവന സംബന്ധിച്ച് തനിക്കറിയില്ലെന്നും ബഹു. അംഗം മറുപടി നൽകി.

വി.ഐ.പി.-കളുടെ സുരക്ഷയെ മുൻനിർത്തി Blue Book സെക്യൂരിറ്റിയിൽ നിർദേശിച്ചിട്ടുള്ള രീതിയിൽ പ്രവർത്തിക്കുക മാത്രമാണുണ്ടായതെന്നാണ് ശ്രീ. സലീഷ് എൻ. ശങ്കർ മറുപടിയിൽ വിശദീകരിക്കുന്നതെന്നും ഇതു സംബന്ധിച്ച പ്രതികരണമെന്താണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി പ്രസ്തുത വിഷയത്തിന്മേൽ രേഖാമൂലമുള്ള വിശദീകരണം ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. സമിതി മുമ്പാകെ സമർപ്പിച്ചു. നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് നാട്ടിക നിയോജകമണ്ഡലത്തിൽ സ്ഥലപരിമിതിയുണ്ടായിരുന്നതായി ബഹു. മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് പരാമർശമുണ്ടായതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ സ്ഥലത്താണ് പരിപാടി സംഘടിപ്പിച്ചതെന്നും ആളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചത് കാരണമാണ് നേരിയ ബുദ്ധിമുട്ടുണ്ടായതെന്നും ബഹു. അംഗം മറുപടി നൽകി. തെളിവെടുപ്പ് യോഗം അവസാനിച്ചതായി ബഹു.ചെയർപേഴ്സൺ അറിയിച്ചതിനെത്തുടർന്ന് ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. ഹാൾ വിട്ട് പുറത്ത് പോയി.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. രേഖാമൂലം നൽകിയ വിശദീകരണം വിശദമായി പരിശോധിച്ച ശേഷം പ്രസ്തുത വിഷയത്തിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

---

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.